(സി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ, ബി ആന്റ് സി) ഭാരത് ജോഡോ പരിയോജൻ എന്ന പേരിൽ ഭാരതത്തിലെ പ്രധാന തലസ്ഥാന നഗരങ്ങളെ ബന്ധിപ്പിക്കുന്ന ഒരു റോഡു വികസന പദ്ധതി മുൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതിൽ സംസ്ഥാന തലസ്ഥാനത്തെ ഉൾപ്പെടുത്തിയിരുന്നില്ല. ഈ പദ്ധതിയുടെ വിശദാംശങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

പൊതുമരാമത്ത് വകുപ്പിലെ നവീകരണ പരിപാടി

*13 [476] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണ നവീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം പുതിയ പദ്ധതികളും പരിപാടികളും നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

ഭരണ നവീകരണത്തിന്റെ ഭാഗമായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ചീഫ് എൻജിനീയർ ആഫീസ് പരിഷ്കരണം നടപ്പിലാക്കുകയുണ്ടായി. കമ്പ്യൂട്ടറൈസേഷൻ ശൃംഖലവഴി ആഫീസ് ഒന്നാകെയും സർക്കിൾ, ഡിവിഷൻ തലം വരെയും ബന്ധിപ്പിച്ചു. മരാമത്ത് വകുപ്പിന് സ്വന്തമായി ഒരു വെബ് സൈറ്റ് പ്രവർത്തനക്ഷമമാക്കി. മരാമത്ത് വകുപ്പിന്റെ മറ്റ് വിഭാഗങ്ങളിലും കമ്പ്യൂട്ടറൈസേഷൻ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി ഒരു ഐ.റ്റി. വിഭാഗം ആരംഭിച്ചുകഴിഞ്ഞു. ഓഫീസ് മൊത്തം ആധുനീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ജീവനക്കാർക്ക് പ്രാഥമിക കമ്പ്യൂട്ടർ പരിശീലനം നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തിവരുന്നു. ഭരണ നവീകരണത്തിന്റെ ഭാഗമായി വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കാര്യശേഷി വർദ്ധിപ്പിക്കാനുതകുന്ന വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം അടിയന്തിരമായി ലഭ്യമാക്കുന്നതിനുതകും വിധം നിലവിലുള്ള സംവിധാന രീതികൾ ലഘൂകരിക്കുന്നതിനായുള്ള സാധ്യതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

ബൈപ്പാസുകളുടെ നിർമ്മാണം

*14 [477] ശ്രീ. എ. സി. ഷൺമുഖദാസ്:

,, സി. കെ നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ കടന്നു പോകുന്ന ഏതെല്ലാം നഗരങ്ങളിലുള്ള ബൈപ്പാസുകളുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള അനുവാദം ലഭിക്കുമെന്നാണ് ഈ സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly